

പാരീസിലേക്ക് മടങ്ങി. അങ്ങനെ കൊണ്ടു പോയ കോൺസ്റ്റാൻസാ ചിത്രമാണ് മോണാലിസാ ചിത്രമായി പാരീസിലെ ലൂർ മ്യൂസിയത്തിന്റെ ചുമരിനെ അലങ്കരിക്കുന്നത്.

1911–ാം മാണ്ട് ആഗസ്റ്റ് 21–ാം തീയതി ഈ ചിത്രം ലൂർ മ്യൂസിയത്തിൽ നിന്നും മ്യൂസിയത്തിലെ കാവൽക്കാരനായി ജോലി നോക്കിയിരുന്ന വിസൻസോ പെരുക്കിയാ എന്ന ആൾ മോഷ്ടിച്ചു കൊണ്ടു കടന്നു കളഞ്ഞു. മ്യൂസിയം മുഴുവനും വൃത്തിയാക്കാനായി മ്യൂസിയത്തിന് ഒഴിവ് പ്രഖ്യാപിച്ചിരുന്ന സമയത്താണ് ഈ [illegible]ം അരങ്ങേറിയത്. പകൽ മുഴുവനും [illegible]സിയത്തിനുള്ളിൽ പതുങ്ങിയിരുന്ന കാവൽ[illegible]രൻ ഈ അമൂല്യ ചിത്രം മോഷ്ടിച്ചിട്ട് തന്റെ [illegible]ക്പെട്ടിയുടെ അടിത്തട്ടിൽ വളരെ രഹസ്യ[illegible]ായി സൂക്ഷിക്കുകയാണ് ചെയ്തത്". അതിനു [illegible]ശേഷം അയാൾ നാടകീയമായി സ്ഥലം വിട്ടു [illegible]പോകുകയും ചെയ്തുവത്രെ.

വിലമതിക്കാത്ത ഈ അമൂല്യ ചിത്രം മോഷ്ടിച്ച മ്യൂസിയം കാവൽക്കാരന് ചുരുങ്ങിയ കാല ജയിൽശിക്ഷ വിധിച്ചതിന് മതിയായ കാരണമുണ്ട്. അയാൾ കേസ് വിസ്താരസമയത്ത് തനിക്കീ ചിത്രം വാ[illegible]ത്തിൽ മോഷ്ടിക്കണമെന്ന് ലവലേശം പോലും ആഗ്രഹം ഇല്ലായിരുന്നുവെന്നും, ഈ ചിത്രത്തിന് ജന്മം നൽകിയ പ്രശസ്തനായ ചിത്രകാരന്റെ ജന്മനാട്ടിലേക്ക് തന്നെ ഈ ചിത്രം ചെന്നെത്തണമെന്നും ഉള്ള ആഗ്രഹമായിരുന്നു എന്നെ ഈ മോഷണത്തിന് പ്രേരിപ്പിച്ചതെന്നും അയാൾ കോടതിയോട് പറഞ്ഞു. അങ്ങനെയാണ് മോണാലിസാ ചിത്രം ലൂർ മ്യൂസിയത്തിൽ പുനഃപ്രതിഷ്ഠിക്കപ്പെട്ടത്.

വിസൻസോ മോഷ്ടിച്ച് മറച്ചുവെച്ചിരുന്ന രണ്ട് വർഷക്കാലത്തിനിടക്ക് മോണാലിസാ ചിത്രം പോലെ തന്നെ ധാരാളം ഡ്യൂപ്ലിക്കേറ്റ് ചിത്രങ്ങൾ കൂൺ പോലെ പുറത്തിറങ്ങുകയുണ്ടായി. അക്കാലത്തെ മറ്റൊരു പ്രശസ്ത ചിത്രകാരനായ റക്ചേൽ പോലും മോണാലിസാ പോലുള്ള ഒരു ചിത്രം വരച്ചിരുന്നു.

മോണാലിസാ ചിത്രം രഹസ്യമായി വരച്ചിരുന്ന ചിത്രകാരന്മാർ തങ്ങളുടേതാണ് ഒർജിനൽ ലിയനാർഡോ ഡാവിഞ്ചി വരച്ച ചിത്രമെന്നു പറഞ്ഞ് മാർക്കറ്റിൽ കൂടുതൽ വില പേശി വിൽക്കാനാരംഭിച്ചു.

1911–ൽ ആറ് അമേരിക്കൻ ധനാഢ്യന്മാർ ഓരോരുത്തരും 6,00,000 ഡോളർ വില നൽകി മോണാലിസാ പെയിന്റിംഗ് വാങ്ങുകയുണ്ടായി. ഇവർ ഓരോരുത്തരും തങ്ങൾ വാങ്ങിയ മോണാലിസാ ചിത്രമാണ് പാരീസ് മ്യൂസിയ ചുമരിനെ അലങ്കരിച്ചതെന്നും ആ മോണാലിസാ പെയിന്റിംഗാണ് മോഷണം പോയ ഒർജിനൽ പെയിന്റിംഗെന്നും ഇവർ വിശ്വസിച്ചിരുന്നു. എന്നാലാ പെയിന്റിംഗ് ഡ്യൂപ്ലിക്കേറ്റാണെന്ന് പുറമേ അവർക്ക് ബോധ്യപ്പെട്ടിരുന്നു.







കളവ് പോയ മോണാലിസാ പെയിന്റിംഗ് വീണ്ടും ലഭിക്കുകയും ലൂർ മ്യൂസിയത്തിൽ പുനഃപ്രതിഷ്ഠിക്കുകയും ചെയ്തപ്പോൾ അതിന്റെ അവാച്യ സുന്ദരമായ വശ്യത പലരേയും ഹഠാദാകർഷിക്കാൻ തുടങ്ങി. എന്നാൽ മോണാലിസാ പെയിന്റിംഗ് യഥാർത്ഥത്തിൽ മോണാലിസായുടേതാണോ അല്ലെങ്കിൽ ഫ്രാൻസിലെ രാജാവിന്റെ സുന്ദരിയായ ലാജിയോ കോണ്ടായുടേതാണോ എന്നുള്ള സംശയങ്ങൾ വലിയ വാദപ്രതിവാദത്തിന് വേദിയൊരുക്കുകയുണ്ടായി.

– ....

തൊടിയിൽ ലുക്ക്മാൻ

വില്യം ഗിൽബർട്ടും കാന്തവും

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ആധുനിക ജീവിതത്തിന്റെ ആധാരവിഭവമാണ് വിദ്യുച്ഛക്തി. പരിഷ്കാരത്തിന്റെയും പുരോഗതിയുടെയും മനുഷ്യ വിജയത്തിന്റെയും അടിത്തറയിട്ടിരിക്കുന്നത് അതിലാണ്. പരസ്പര ബന്ധമുള്ള കാന്തതയും വിദ്യുച്ഛക്തിയും (മാഗ്നറ്റിസം ആന്റ് ഇലക്ട്രിസിറ്റി) സംബന്ധിച്ച വിജ്ഞാനത്തിന്റെ തുടക്കം കുറിക്കുന്ന ഗ്രന്ഥം എ. ഡി. 1600–ൽ പ്രസിദ്ധീകൃതമായി. അതിൽ വിവരിച്ചിട്ടുള്ള നവീന നേട്ടങ്ങളുടെ പ്രാധാന്യം കൊണ്ടുമാത്രമല്ല കൃതി ശ്രദ്ധേയമായത്. ആധുനിക ശാസ്ത്രപദ്ധതിയുടെ പ്രാമാണികാശയങ്ങൾ വ്യക്തമാക്കിയിട്ടുമുണ്ട്. അതിന്റെ കർത്താവ് എലിസബത്തുരാജ്ഞിയുടെ വൈദ്യനായിരുന്നു!

ആറു പുസ്തകങ്ങളിലായി നൂററിപ്പതിനഞ്ച് അദ്ധ്യായങ്ങളുള്ള കൃതിയാണ് കാന്തത്തെപ്പററിയുള്ള ഈ ബൃഹത് ഗ്രന്ഥം. (ഓൺ ദലാഡ് സ്റ്റോൺ ആന്റ് മാഗ്നററിക് ബോഡീസ് ആന്റ് ഓൺ ദി ഗ്രേററ് മാഗ്നററ് ദി എർത്ത്.) ഒന്നാം പുസ്തകത്തിലെ ആദ്യത്തെ അദ്ധ്യായത്തിൽ കാന്തക്കല്ലിനെക്കുറിച്ചു പ്രാചീനരും ആധുനികരുമായ ഗ്രന്ഥകാരന്മാർ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ പരിശോധിക്കുകയാണ് ചെയ്തിട്ടുള്ളത്. രണ്ടാമദ്ധ്യായത്തിൽ കാന്തക്കല്ലിന്റെ (ലോഡ് സ്റ്റോൺ) കണ്ടു പിടുത്തവും, പതിനഞ്ചാമത്തേതിൽ ഇരുമ്പിന്റെ ഔഷധവീര്യവും പരാമർശിതങ്ങളാകുന്നു. രണ്ടാം പുസ്തകത്തിലാണ് ഏററവും കൂടുതൽ അദ്ധ്യായങ്ങൾ–39. കാന്തികചലനങ്ങൾ, കാന്തികചക്രവാളം കാന്തിക ധ്രുവങ്ങളും അച്ചുതണ്ടും മററും ഈ അദ്ധ്യായങ്ങളിൽ ചിലതിൽ പ്രതിപാദിക്കുന്നു. അഞ്ചാം പുസ്തകത്തിലെ പന്ത്രണ്ടാമദ്ധ്യായത്തിൽ കാന്തശക്തി ജൈവമോ അജൈവമോയെന്നു പരിശോധിച്ചിരിക്കുന്നു! ആത്മശക്തിയാണോ എന്നും അന്വേഷിച്ചിട്ടുണ്ട്! മനുഷ്യാത്മാവിനെ, പല കാര്യങ്ങളിൽ, കാന്തശക്തി അതിശയിപ്പിക്കുന്നുണ്ടെന്നാണഭിപ്രായം.

അവസാനത്തെ പുസ്തകത്തിലാണ് ഭൂഗോളത്തെ സംബന്ധിക്കുന്ന കാന്തശക്തികളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. കോപ്പർനിക്കസിന്റെ ആശയങ്ങളോടുള്ള ചായ്‌വ് ഇവിടെ ദർശിക്കാം. ഭൂഗോളം ഒരു വലിയ കാന്തക്കല്ലിന്റെ സ്വഭാവത്തോടു കൂടിയതാണെന്ന് ആദ്യാദ്ധ്യായത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുടെ വൃത്താകാരത്തിലുള്ള സഞ്ചാരമാണ് നാലാമദ്ധ്യായത്തിൽ പരിഗണിക്കുന്നത്. ഭൂസഞ്ചാരത്തെ സ്വാഗതം ചെയ്യാത്തവരുടെ അഭിപ്രായം നിഷേധിച്ചിട്ടുള്ളത് അഞ്ചാമദ്ധ്യായത്തിലും.

വൈദ്യുതാകർഷണത്തെ അദ്ദേഹം കാന്താകർഷണത്തിൽ നിന്നു വേർതിരിച്ചു ധരിക്കുകയുണ്ടായി. വൈദ്യുതാകർഷണത്തിന്റെ ആധാരം അതിലെ ഇലക്ട്രിക്സ് ആണെന്നും അനുമാനിച്ചു. ഈ വിവക്ഷയിൽ നിന്നാണ് ഇലക്ട്രിസിററി എന്ന വാക്കിന്റെ ഉല്പത്തി.

ഇംഗ്ലണ്ടിൽ എസ്സെക്സിലുള്ള കോൾബെസ്റ്ററിലെ ഒരു പുരാതന കുടുംബത്തിൽ 1540 മേയ് 24–ാം തീയതി ഗിൽബർട്ട് പിറന്നു. അഞ്ച് ആൺകുട്ടികളിൽ മൂത്ത ആളായിരുന്നു. 1564–ൽ എം. എ. പാസായതോടെ ഔപചാരിക വിദ്യാഭ്യാസം സമാപിച്ചു. പിന്നെ സർക്കാരുദ്യോഗസ്ഥനായി. നേരത്തെ തന്നെ വൈദ്യവിഷയങ്ങളിൽ വലിയ താല്പര്യമുണ്ടായിരുന്നു. യൂറോപ്പിൽ–പ്രത്യേകിച്ച് ഇററലിയിൽ–കുറേക്കാലം സഞ്ചരിച്ചു. ഈ കാലത്ത് വൈദ്യം പഠിക്കുവാൻ കഴിഞ്ഞിരിക്കുമെന്നാണനുമാനം. ബിരുദം സമ്പാദിച്ചെന്നും കരുതുന്നു.

1573–ൽ മടങ്ങി ലണ്ടനിൽ സ്ഥിരതാമസമാക്കി, വൈദ്യവൃത്തിയിൽ ഏർപ്പെട്ടു. പേരും പെരുമയുമാർജ്ജിക്കുവാൻ പ്രയാസമുണ്ടായില്ല. ഔദ്യോഗിക ഔഷധ കോശം തയ്യാറാക്കുന്നതിനു നിയുക്തമായ കമ്മററിയിൽ അംഗമാക്കിയത് അദ്ദേഹത്തിന്റെ അഗാധപാണ്ഡിത്യത്തിന്റെ അംഗീകാരമായിരുന്നു. അതുകൊണ്ടുതന്നെയാണ് കൊട്ടാര വൈദ്യനായതും. അചിരേണ രസതന്ത്രം ഭൗതികം ബ്രഹ്മാണ്ഡ വിജ്ഞാനം എന്നിവയിൽ താല്പര്യം വർദ്ധിച്ചു. കോപ്പർ നിക്കസിന്റെ അഭിപ്രായങ്ങളോടുള്ള പ്രതിപത്തി പ്രകാശിപ്പിച്ച, ഇംഗ്ലണ്ടിലെ ആദ്യത്തെ പണ്ഡിതൻ, ഗിൽബർട്ടായിരുന്നു.

പതിനെട്ടു കൊല്ലത്തെ പഠനവും പരീക്ഷണവും മനനവും കൊണ്ട് മാററററി പാകമാക്കിയ ആശയങ്ങൾ, കാന്തത്തെപ്പററിയുള്ള ഗ്രന്ഥത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. ഭൗതികശാസ്ത്ര വിഷയങ്ങളിൽ, ഇംഗ്ലണ്ടിൽ പ്രസിദ്ധപ്പെടുത്തിയ ആധികാരികതയുള്ള ഗ്രന്ഥങ്ങളിൽ, ഇതു് ആദ്യത്തേതാണെന്ന വസ്തുതയും വിസ്മരിച്ചുകൂടാ. യൂറോപ്പിലെങ്ങും പണ്ഡിതന്മാരുടെ ഇടയിൽ കൃതി പ്രചരിച്ചു. കെപ്ലർ ഗലീലിയോ തുടങ്ങിയവർ അതിനെ പ്രശംസിച്ചിട്ടുള്ളവരിൽപ്പെടും.

ഗിൽബർട്ടിന്റെ ലണ്ടനിലെ ഗൃഹം ശാസ്ത്ര പണ്ഡിതന്മാരുടെ ഒരു സമ്മേളന സങ്കേതമായിരുന്നു. യൂറോപ്പിലെ വിവിധ രാജ്യങ്ങളിലെ മഹാന്മാർ അവിടെ അതിഥികളായി താമസിച്ചിട്ടുണ്ട്. മാസം തോറും ചേർന്നിരുന്ന പ്രഗൽഭമതികളുടെ യോഗമാണ് പിൽക്കാലത്ത് റോയൽ സൊസൈററിയുടെ രൂപീകരണത്തിനു വഴി തെളിച്ചത്.

1603–ൽ ഗിൽബർട്ട് അന്തരിച്ചു. പ്ലേഗു ബാധകൊണ്ടായിരിക്കാം അന്ത്യം സംഭവിച്ചതെന്നു കരുതിവരുന്നു.